**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 -23 സാമ്പത്തിക വര്‍ഷത്തില്‍ കെ.എസ്.ആർ.ടി.സി.-യ്ക്ക് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം എത്രയാണ്; ആയതില്‍ നിന്നും 2022 മേയ് 31 വരെ അനുവദിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | **2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി. യ്ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും, പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പ വിഹിതത്തിൽ നിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.** |
| (ബി) | കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്തും ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷവും കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകള്‍ വാങ്ങിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആകെ 101 ബസുകൾ വാങ്ങിയിട്ടുണ്ട്.<br><br>CNG Bus – 1 No.<br><br>Conventional Bus – 100 Nos.<br><br>ഇതിനായി ആകെ 26.85 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 19.61 കോടി രൂപ ബസ്സുകൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തിരം അന്തർ സംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് ആവശ്യമായ 20 |

| | | | |
|---|---|---|---|
| | | | എണ്ണം Semi Premium Fully Built AC – Seater ബസുകളും 8 എണ്ണം Premium Class Fully Built Multi Axle AC – Sleeper ബസുകളും 88 എണ്ണം Fully Built Non-AC Air Suspension ബസുകളും വാങ്ങി ആയതിന് 50.64 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ